# പതിനാലാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3224** **07.02.2018-ൽ മറുപടിയ്ക്ക്**

**വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യ ബന്ധന വകുപ്പ് പദ്ധതികൾ**

| ചോദ്യം<br>ശ്രീ.വി. ജോയി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യ ബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യ ബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) വർക്കല ചിലക്കൂർ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (കെ.സി.ഇസഡ്.എം.എ) സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി ത്വരിതപ്പെടുത്തുമോ; | ബി) പരിസ്ഥിതി ക്ലിയറൻസ് അനുമതി ലഭ്യമാക്കുന്നതിനുള്ള പരിശോധന ഫീസായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി 10 ലക്ഷം രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്നതിന് ഭരണാനുമതി ലഭിച്ചവയിൽ ടെണ്ടർ നടപടി പൂർത്തിയാക്കാത്ത റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സി) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതിൽ ടെണ്ടർ നടപടികൾ പൂർത്തിയാകാത്ത റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘം തൊടി- കായൽ കോട്ടുവിള റോഡ് (14.70 ലക്ഷം) - സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>2. വെട്ടൂർ പഞ്ചായത്ത് റഹ്മത്ത് റോഡ് (56.50 ലക്ഷം) - ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ.

1. പഞ്ഞമാസക്കാലയളവിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനു വേണ്ടി സമ്പാദ്യ ആശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു.

2. ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 19 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി വരുന്നു.

4. ഭവന പുനരുദ്ധാരണ പദ്ധതിയിൽ 62 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി വരുന്നു.

5. ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസത്തിനായി 3 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. വീട് വൈദ്യുതീകരണത്തിനായി 19 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി വരുന്നു.

7. സാനിട്ടേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 61 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി വരുന്നു.

8. മണ്ഡലത്തിലെ വിവിധ സ്കൂളുകളിലായി പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി കുട്ടികൾക്കായി കരിയർ ഗൈഡൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

9. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക ആരോഗ്യം ഉന്നമനം ലക്ഷ്യം വച്ചു കൊണ്ട് ബോധവത്ക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(I) അഡാക്ക് നടപ്പിലാക്കുന്ന പദ്ധതികൾ

അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കല ഓടയത്ത് പ്രവർത്തിച്ചു വരുന്ന ചെമ്മീൻ ഹാച്ചറി പരിസരത്ത് 188 ലക്ഷം രൂപ അടങ്കൽ തുകയുടെ 'അക്വേറിയം കോംപ്ലക്സിലെ അധിക സൗകര്യ ഒരുക്കൽ' എന്ന പദ്ധതിയുടെയും 180 ലക്ഷം രൂപ അടങ്കൽ തുകയുടെ 'ഓടയം ഫിഷ് ഫിൻ റിയറിംഗ് യൂണിറ്റ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ' എന്ന പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ 9 കോടി രൂപ അടങ്കൽ തുക വരുന്ന ബ്രാക്കിഷ് വാട്ടർ ഫിഷ് ഹാച്ചറി എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(II)** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ.

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2012-13) ൽ ഉൾപ്പെടുത്തി വെട്ടൂർ മത്സ്യഗ്രാമത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതി | 63.16 | പൂർത്തീകരിച്ചു |
| 2 | വൈദ്യുതീകരണം | 82.67 | പൂർത്തീകരിച്ചു |
| 3 | പബ്ലിക്ക് ടോയ്‌ലറ്റ് | 15.00 | പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 4 | വ്യക്തിഗത ടോയ്‌ലറ്റ് | 20.00 | 21 പേർക്ക് ധനസഹായം നൽകി |
| 5 | ലൈബ്രറി സഹായം | 10.00 | പൂർത്തീകരിച്ചു |

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2014-15) ൽ ഉൾപ്പെടുത്തി ചിലക്കൂർ മത്സ്യഗ്രാമത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതി | 85.00 | പൂർത്തീകരിച്ചു |
| 2 | വൈദ്യുതീകരണം | 59.417 | പൂർത്തീകരിച്ചു |
| 3 | വ്യക്തിഗത ടോയ്‌ലറ്റ് | 38.60 | ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ചു |
| 4 | ലൈബ്രറി സഹായം | 15.00 | പദ്ധതി ഉപേക്ഷിക്കുന്നതിന് അനുമതിയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്. |

2. 2011-12, 2013-14, 2014-15, 2016-17 വർഷങ്ങളിലായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | തണൽ ഷെഡ്, നോർത്ത് വെട്ടൂർ | 6.00 | പൂർത്തീകരിച്ചു |
| 2 | തണൽ ഷെഡ്, സൗത്ത് വെട്ടൂർ | 6.00 | പൂർത്തീകരിച്ചു |
| 3 | സബ്സെന്റർ, വെട്ടൂർ | 30.00 | പൂർത്തീകരിച്ചു |
| 4 | നെറ്റ്മെന്റിംഗ്‌യാർഡ്, വെട്ടൂർ | 35.00 | പൂർത്തീകരിച്ചു |
| 5 | ജി.എച്ച്. എസ്.എസ്. വെട്ടൂർ കെട്ടിട നിർമ്മാണം | 207.28 | പൂർത്തീകരിച്ചു |

3. 2017-18 വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതി

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പുതിയ ഐ.പി ആന്റ് പാലിയേറ്റീവ് ബ്ലോക്ക്, വർക്കല താലൂക്ക് ആശുപത്രി | 138.00 | കരാറിൽ ഏർപ്പെട്ടു പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊണ്ട് വരുന്നു |

4. ഫ്രഷ് ഫിഷ്ടുആൾ പദ്ധതിയിൽ ഉൾപ്പെടുത്തി 50,000/- രൂപ വീതം വില വരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഒരു ഇരുചക്രവാഹനവും 2.00 ലക്ഷം രൂപ വില വരുന്ന ഒരു ഓട്ടോറിക്ഷയും വർക്കല നിയോജക മണ്ഡലത്തിൽ വിതരണം ചെയ്തു.

തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 7 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

1. നേതാജി റോഡ് വെട്ടൂർ പഞ്ചായത്ത് (47.10 ലക്ഷം)

2. കിളിത്തട്ടുമുക്ക് - ഐക്കരവിള-കല്ലുവിള അമ്മൻ കോവിൽ റോഡ് (42.70 ലക്ഷം)

3. കാപ്പിൽ എച്ച്.എസ്- നെല്ലേറ്റിൽ കടവ് റോഡ് (46.20 ലക്ഷം)

4. പേഴുവിള കെ.എം.കാസിം റോഡ് (43.90 ലക്ഷം)

5.ചുമടുതാങ്ങി ഇടനാഴി റോഡ് (38.20 ലക്ഷം)

6.ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘം തൊടി-കായൽ കോട്ടുവിള റോഡ് (14.70 ലക്ഷം)

7. വെട്ടൂർ പഞ്ചായത്ത് റഹ്മത്ത് റോഡ് (56.50 ലക്ഷം)

സെക്ഷൻ ആഫീസർ